നമ്പർ	വർഷം	അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവാക്കിയ തുക (ലക്ഷത്തിൽ)
1.	2011-12	3550	3454.51
2.	2012-13	5000	4679.60
3.	2013-14	5000	4177.34
4.	2014-15	4596.14	4556.669

(ബി) കഴിഞ്ഞ നാലര വർഷം കേന്ദ്ര ഫണ്ടിനത്തിൽ ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

നമ്പർ	വർഷം	ലഭിച്ച തുക (ലക്ഷത്തിൽ)
1.	2011-12	873.874
2.	2012-13	4883.377
3.	2013-14	7063.13
4.	2014-15	5914.814

സംസ്ഥാന വിഹിതമായി 15624.96 ലക്ഷം രൂപ അനുവദിച്ചിരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

ജൈവപച്ചക്കറി സംഭരണ നടപടികൾ

215 (1688) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) ചെറുകിട കർഷകർ ഉല്പാദിപ്പിക്കുന്ന ജൈവപച്ചക്കറി ഉല്പന്നങ്ങൾ സംഭരിക്കാൻ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ; പ്രസ്തുത കാലയളവിൽ എത്ര രൂപയുടെ കാർഷിക ഉത്പന്നങ്ങൾ സംഭരിച്ചുവെന്നും ഇവയുടെ ഗുണനിലവാരം എപ്രകാരമാണ് നിർണ്ണയിച്ചത് എന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചേർത്തല താലൂക്കിലെ കഞ്ഞിക്കഴി, ചേർത്തല തെക്ക് മുതലായ പ്രദേശങ്ങളിൽനിന്നും ജൈവ ഉല്പന്നങ്ങൾ ശേഖരിച്ചിട്ടുണ്ടോ ; വിശദവിവരം നൽകുമോ ;

(സി) ജൈവ രീതിയിൽ കൃഷിചെയ്യുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളത് ; ചേർത്തല താലൂക്കിലെ എത്ര കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും പ്രസ്തുത ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടെന്നും അവർക്ക് ആകെ നൽകിയത് എത്ര തുകയാണെന്നും വിശദമാക്കുമോ ;

(ഡി) ജൈവ ഉല്പന്നങ്ങൾ കർഷകർക്ക് ന്യായവില നൽകി സംഭരിച്ച് ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുന്നതിന് സർക്കാർ മുൻകൈ എടുക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ അവ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ; വിശദമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ ചെറുകിട നാമമാത്ര കർഷകർ ഉല്പാദിപ്പിക്കുന്ന ജൈവ പച്ചക്കറി ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിനായി സംസ്ഥാനത്ത് തെരഞ്ഞെടുത്ത 22 ബ്ലോക്കുകളിലായി കർഷകരുടെ ബ്ലോക്കുതല ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. 2013-14-ൽ 15-ഉം, 2014-15-ൽ 7-ഉം ബ്ലോക്കുതല ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ രൂപീകരിച്ചിട്ടുണ്ട്. ഇവ മുഖാന്തരം നാളിതുവരെ 1402.14496 ലക്ഷം രൂപ വില വരുന്ന 8990.06635 മെട്രിക് ടൺ ജൈവ പച്ചക്കറി ഉല്പന്നങ്ങൾ സംഭരിച്ച് വിതരണം നടത്തിയിട്ടുണ്ട്. നിലവിൽ കർഷകരുടെ കൂട്ടായ്മയാണ് ഇവയുടെ ഗുണനിലവാരം നിർണ്ണയിക്കുന്നത്. കൃഷി വകുപ്പിന്റെ സാങ്കേതിക ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സർട്ടിഫൈ ചെയ്യുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) കഞ്ഞിക്കഴി, ചേർത്തല തെക്ക് പ്രദേശങ്ങളിൽനിന്ന് ഹോർട്ടികോർപ്പ് ജൈവ പച്ചക്കറി സംഭരിച്ചിട്ടുണ്ട്. കൂടാതെ ക്ലസ്റ്റർ മാർക്കറ്റുകളിൽ ശേഖരിച്ച് വിപണനം നടത്തിയ പച്ചക്കറികളിൽ ഭൂരിഭാഗവും ജൈവ പച്ചക്കറി ആയിരുന്നു.

(സി) നിലവിൽ ആനുകൂല്യങ്ങൾ നൽകിയിട്ടില്ല. ജൈവരീതിയിൽ കൃഷി ചെയ്യുന്നവർക്കുള്ള പ്രത്യേക പദ്ധതി നിർവ്വഹണം നടന്നുവരുന്നതേയുള്ളൂ. ഇതിനായി 8 കർഷക ഗ്രൂപ്പുകൾ സംഘടിപ്പിച്ച് പ്രവർത്തനം മുന്നേറുന്ന പദ്ധതിയാണ് നടപ്പിലാക്കുന്നത്. ഈ സാമ്പത്തിക വർഷത്തിനുള്ളിൽത്തന്നെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന രീതിയിലാണ് പ്രവർത്തനം മുന്നോറുന്നത്. കൂടാതെ പച്ചക്കറി വികസന പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമാക്കുന്നത് കൂടുതലും ജൈവ പച്ചക്കറി കർഷകർക്കാണ്.

(ഡി) ഉണ്ട്. ടി പരാതി പരിഹരിക്കുന്നതിന് കഞ്ഞിക്കഴിയിൽ ഹോർട്ടികോർപ്പ് മുഖേന ജൈവ പച്ചക്കറി സംഭരണം നടപ്പിലാക്കുകയുമുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly